**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കരുണാപുരം വില്ലേജ്, സർവ്വേ നമ്പർ 67/1-1614-ൽ പ്പെട്ട 64 ആർ 75 സ്ക്വയർ മീറ്റർ വിസ്തീർണ്ണം വരുന്ന ഭൂമിയിൽ നിന്നും 43 ആർ 32 സ്ക്വയർ മീറ്റർ (1 ഏക്കർ 7 സെന്റ്) വിസ്തീർണ്ണം വരുന്ന ഭൂമി സർക്കാർ വ്യവസായിക പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി നേരിട്ട് ആധാരപ്രകാരം എഴുതി സൗജന്യമായി വിട്ടു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.15/2022/ത.സ്വ.ഭ.വ      തിരുവനന്തപുരം, തീയതി, 22/01/2022

---

പരാമർശം :-1) കരുണാപുരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27/3/19 ലെ 3(1), 15/1/2021-ലെ 2(1)-ാം നമ്പർ തീരുമാനങ്ങൾ

2) വ്യവസായിക പരിശീലനവകുപ്പ് ട്രെയിനിംഗ് ഡയറക്ടറുടെ 1/12/2020-ലെ നമ്പർ. ഡിറ്റി/1555/2019-ഐ 4 കത്ത്

3) പഞ്ചായത്ത് ഡയറക്ടറുടെ 15/06/2021 ലെ PAN/3532/2021-C1(DP) നമ്പർ കത്ത്.

## ഉത്തരവ്

ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കരുണാപുരം വില്ലേജ്, സർവ്വേ നമ്പർ 67/1-1614-ൽ പ്പെട്ട 64 ആർ 75 സ്ക്വയർ മീറ്റർ വിസ്തീർണ്ണം വരുന്ന ഭൂമിയിൽ നിന്നും 43 ആർ 32 സ്ക്വയർ മീറ്റർ (1 ഏക്കർ 7 സെന്റ്) വിസ്തീർണം വരുന്ന ഭൂമി സർക്കാർ വ്യവസായിക പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനായി സൗജന്യമായി വിട്ടു നൽകുന്നതിനും, ആയതിന് അനുമതി ലഭിക്കുന്നതിനായി പരാമർശം(1) പ്രകാരം തീരുമാനിക്കുകയും അനുമതിക്കായി പരാമർശം(3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പരാമർശം(2) പ്രകാരം ടി സ്ഥലം വ്യാവസായിക പരിശീലനകേന്ദ്രം നിർമ്മിക്കുന്നതിന് വിട്ട് നൽകണമെന്ന് വ്യവസായിക പരിശീലനവകുപ്പ് ട്രെയിനിംഗ് ഡയറക്ടർ കരുണാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് അപേക്ഷിച്ചിരുന്നു. അതേസമയം ടി വസ്തുവിൽ വ്യാവസായിക പരിശീലനകേന്ദ്രം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് നെടുങ്കണ്ടം പി.ഡബ്ല്യു.ഡി ബിൽഡിംഗ് സെക്ഷൻ അസിസ്റ്റന്റ് എൻജിനീയറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ കരുണാപുരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കരുണാപുരം വില്ലേജ്, സർവ്വേ നമ്പർ 67/1-1614-ൽ പ്പെട്ട 64 ആർ 75 സ്ക്വയർ മീറ്റർ വിസ്തീർണ്ണം വരുന്ന ഭൂമിയിൽ നിന്നും 43 ആർ 32 സ്ക്വയർ മീറ്റർ ( 1 ഏക്കർ 7 സെന്റ്) വിസ്തീർണം വരുന്ന ഭൂമി സർക്കാർ വ്യവസായിക പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി നേരിട്ട് ആധാരപ്രകാരം എഴുതി സൗജന്യമായി വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. ഷർമിള മേരി ജോസഫ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കരുണാപുരം ഗ്രാമപഞ്ചായത്ത്, ഇടുക്കി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
റവന്യൂ വകുപ്പ് (റവ-എ 2 /162/2021-റവ റവന്യൂ(എ)വകുപ്പ്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഫയൽനം.ആർ.സി1/101/2021/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ